NS – 140

III Semester B.A./B.Sc./B.C.A./B.Sc.(FAD) Examination, Nov./Dec. 2016
(CBCS) (F + R) (2015-16 and Onwards)
MALAYALAM LANGUAGE (Paper – III)

Time : 3 Hours Max. Marks : 70

I. നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയം, സന്ദർഭം വ്യക്തമാക്കുക). (4×3=12)

1) 'അറിയാതെ ചെയ്തതോ
തോക്കുകാരാ ? നിന്റെ
വെടിയുണ്ടയിത്തിരിത്താഴെ'

2) 'അന്നിവിടെ ദീപങ്ങൾ കത്തിനിന്നു, പൂക്കൾ
കുന്നുപോൽ കൂടിക്കിടന്നു'

3) 'തളരാത്തൊരു നീയല്ലോ, ഞങ്ങടെ
ചിരസാധിതയാം സ്വാതന്ത്ര്യത്തിൻ
ജീവസ്സുറ്റ പ്രതീകം'

4) 'ബലവും ശുദ്ധിയുമേലാവൂ, ഞാ –
നിതുതാനാശംസിപ്പൂ'

5) 'എന്റെ ചെറുകുടിലിൽ, നൂറായിരം പണികളിൽ
എന്റെ ജന്മം ഞാൻ തളച്ചു'

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2×6=12)

1) പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം 'മുറിവേറ്റ സിംഹം' വിവരിക്കുക.

2) ഈശ്വരനെത്തേടിയുള്ള മനുഷ്യന്റെ അന്വേഷണം – 'കൃഷ്ണാ, നീയെന്നെയറിയില്ല' – വ്യക്തമാക്കുക.

3) അമ്പലമണിയുടെ പണ്ടത്തെ അവസ്ഥ – വിവരിക്കുക.

P.T.O.

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2×6=12)

1) കണ്ണൻ എന്ന കാളയെക്കുറിച്ച് വിവരിക്കുക.

2) ലക്ഷ്മിയെന്ന നിസ്സാഹായവസ്ഥയുടെ പ്രതീകം – വിവരിക്കുക.

3) ബഷീറിന്റെ ജീവിതം 'ഒരു മനുഷ്യൻ' എന്ന കഥയെ ആസ്പദമാക്കി എഴുതുക.

III. **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര പുറത്തിൽ** കവിയാതെ). (1×14=14)

1) 'ശബ്ദിക്കുന്ന കലപ്പ' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

2) 'രാച്ചിയമ്മ' – സ്ത്രീയുടെ വിവിധഭാവ-രൂപങ്ങളെ വ്യക്തമാക്കുന്ന കഥ – വ്യക്തമാക്കുക.

IV. **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര പുറത്തിൽ** കവിയാതെ). (1×14=14)

1) 'നിഷ്കാമമായ പ്രേമത്തിന് പ്രതിരൂപമാണ് ഗോപിക' കൃഷ്ണാ, നീയെന്നെയറിയില്ല' എന്ന കവിതയെ ആസ്പദമാക്കി വ്യക്തമാക്കുക.

2) 'ഒരു സ്വാതന്ത്ര്യദിനത്തിൽ' ഏതിന്റെ പ്രതീകമാണ് – വ്യക്തമാക്കുക.

LIBRARY College

V. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. 3

കാടായ കാടു മുഴുവൻ പദ്ധതികളുടെയും വനവികസനത്തിന്റെയും കുടിയേറ്റത്തിന്റെയും ഹരിജന ഗിരിജന ക്ഷേമത്തിന്റെയും പ്ലാന്റേഷന്റെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പിന്നെയൊരു നൂറ് അസംബന്ധങ്ങളുടെയും പേരിൽ വെട്ടിമുടിച്ചിട്ട്, നാടിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് തകർത്തിട്ട്, ഇപ്പോഴും വമ്പിച്ച വിദേശക്കടങ്ങൾ വാങ്ങിക്കൂട്ടാനും കമ്മിയായിക്കൊണ്ടിരിക്കുന്ന ഭൂഗർഭജലം ചോർത്താൻ മത്സരിച്ചു പൈപ്പു വാങ്ങാനും ലോറിയിൽ കുടിവെള്ളമെത്തിക്കാനും വരൾച്ചയുടെയും പ്രളയത്തിന്റെയും പേരിൽ മാറിമാറി കേന്ദ്രത്തിന്റെ മുന്നിൽ കൈനീട്ടാനും ധൈര്യപ്പെടുന്ന ഇപ്പോഴും ഞങ്ങളെ നോക്കി പരമ പുച്ഛത്തിന്റെ ഭാഷ സംസാരിക്കുന്ന അധികാരിവർഗമേ, നിങ്ങൾക്ക് ഈ നാടുമുടിച്ചതിനെപ്പറ്റി എന്തു സമാധാനം പറയാനുണ്ട്. ഈ ദാരുണമായ നാശത്തിനു കാരണം വികലമായ വികസനനയവും അടിസ്ഥാനം തെറ്റിയ ആസൂത്രണവും അടിമുടി വ്യാപിച്ചിരിക്കുന്ന അഴിമതിയും. എൻജിനീയർ, കോൺട്രാക്ടർ, രാഷ്ട്രീയ പാർട്ടി, ഉദ്യോഗസ്ഥ കൂട്ടുകെട്ടിന്റെ ക്രൂരമായ ലാഭേച്ഛയുമാണെന്നു പറഞ്ഞാൽ രാഷ്ട്രീയനേതാക്കളേ, നിങ്ങൾക്കത് എതിർക്കാനാകുമോ ?

VI. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു സാഹിത്യകാരനെക്കുറിച്ച് എഴുതുക. 3